# പതിനാലാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1296 — 13.07.2016 ൽ മറുപടിയ്ക്ക്

### ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെടുത്താത്ത വിവിധ രോഗങ്ങളാൽ കഷ്ടത അനുഭവിക്കുന്നവരുടെ പ്രത്യേക ലിസ്റ്റ്

| | ചോദ്യം<br>ശ്രീ.കെ. കുഞ്ഞിരാമൻ | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | എൻഡോസൾഫാൻ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെടുത്താത്ത വിവിധ രോഗങ്ങളാൽ കഷ്ടത അനുഭവിക്കുന്നവരുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ)<br>(ബി)<br>&<br>(സി) | എൻഡോസൾഫാൻ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത ദുരിത ബാധിത ലിസ്റ്റിൽ ഉൾപ്പെടുത്താത്തവരുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഇങ്ങനെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കാനുള്ള കാരണം വിശദമാക്കാമോ; ഈ പ്രത്യേക ലിസ്റ്റിൽ ഉള്ളവർക്ക് എന്തെങ്കിലും സഹായം വാഗ്ദാനം ചെയ്തിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ; | | പ്രസ്തുത രോഗികളുടെ രോഗാവസ്ഥക്ക് കാരണം എൻഡോസൾഫാൻ അല്ല എന്ന് സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിലൂടെയും തുടർന്നുള്ള ഫീൽഡ് അന്വേഷണങ്ങളിലൂടെയും ശാസ്ത്രീയമായി ബോധ്യപ്പെട്ടു. എന്നാൽ സമാനതകളുള്ള ദുരിതം അനുഭവിക്കുന്ന ആളുകളുടെ പട്ടിക പ്രത്യേകമായി തയ്യാറാക്കിയിട്ടുണ്ട്. ഇത് മൂന്ന് തരത്തിലുണ്ട്. |
| (സി) | ഇത്തരത്തിൽ കഷ്ടത അനുഭവിക്കുന്നവർക്ക് നൽകിയ വാഗ്ദാനം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദാമാക്കാമോ; | | 1. പതിനെട്ട് വയസ്സിൽ താഴെയുള്ള എൻഡോസൾഫാൻ ദുരിത ബാധിതർ അല്ലാത്തവർ (ആരോഗ്യ കിരണം/ ആർ.ബി.എസ്.കെ. യിൽ ഉൾപ്പെടുത്തി ചികിത്സ നൽ കുന്നതിനായി).<br>2. കാൻസർ രോഗികൾ (എൻഡോസൾഫാൻ കൊണ്ടല്ലാത്ത കാൻസർ രോഗികൾക്ക് സൗജന്യ ചികിത്സയും മറ്റ് കാൻസർ കെയർ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനായി).<br>3. മേൽ പറഞ്ഞ 2 പട്ടികയിലും ഉൾപ്പെടാത്തതും അതീവ ഗുരുതര രോഗമുള്ളവരായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിലൂടെ കണ്ടെത്തിയവർ (128 എണ്ണം).<br><br>ഇതിൽ ഒന്നാമത്തെ വിഭാഗത്തിൽപ്പെട്ട ആളുകളെ ആരോഗ്യ കിരണം/ ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ നൽകിവരുന്നു. |

| | | | |
|---|---|---|---|
| | | | മൂന്നാമത്തെ പട്ടികയിൽ ഉൾപ്പെട്ട ആളുകൾക്ക് കൂടി സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. അതിന് പുറമേ പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ